"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് -കള്ളിക്കാട് ഗ്രാമപഞ്ചായത്ത്- ആശാവർക്കർമാരുടെ ഓണറേറിയം പ്രതിമാസം ആയിരം രൂപ വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനണയ്ക്ക് അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2050/2025/LSGD തീയതി,തിരുവനന്തപുരം, 18-08-2025

---

പരാമർശം:-

1. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07/04/2025-ാം തീയതിയിലെ 30(1)-ാം നമ്പർ തീരുമാനം
2. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30/04/2025-ാം തീയതിയിലെ 3(1)-ാം നമ്പർ തീരുമാനം
3. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02/05/2025 ലെ SC1/1/2025 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ 07/04/2025 ലെ ഭരണസമിതിയുടെ സാധാരണ യോഗത്തിൽ ആശ വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന വിഷയം ചർച്ച ചെയ്യുകയും പരാമർശം (1) തീരുമാന പ്രകാരം ആശ വർക്കർമാരുടെ ഓണറേറിയം 01/06/2025 പ്രാബല്യത്തിൽ പ്രതിമാസം 1000/- രൂപ വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള പദ്ധതി ഏറ്റെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ സർക്കാർ അനുമതി ഇല്ലാതെ ഓണറേറിയം വർദ്ധനവ് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ടിട്ടുള്ള പരാമർശം (1) ലെ തീരുമാനം നിയമപരമല്ലായെന്നുള്ള സെക്രട്ടറിയുടെ വിയോജിപ്പിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് ടി വിഷയം പരാമർശം (2) പ്രകാരം വീണ്ടും ചർച്ചയ്ക്കെടുക്കുകയും പരാമർശം (1) പ്രകാരമുള്ള തീരുമാനം നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത തീരുമാനം നിയമാനുസൃതമല്ലാത്തതിനാൽ പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിലേക്ക് ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് കൈക്കൊണ്ട പരാമർശം (1) & (2) പ്രകാരമുള്ള നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 191 (2) ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 271-ജി പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചു കൊണ്ടും, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 191(4) പ്രകാരം ടി തീരുമാനങ്ങൾ നടപ്പിലാക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിത റ്റി.ആർ

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി3/222/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
Date: 18-08-2025 10:59:35

സെക്ഷൻ ഓഫീസർ